# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.340 | 28.05.2019 - ൽ മറുപടിക്ക്

**<u>മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജ്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>വിശദമാക്കാമോ; | എ) | പരിഗണനയിലുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സ്ഥലം, കെട്ടിടം, പുതിയ തസ്തികകൾ എന്നീ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കോളേജ് തുടങ്ങാമെന്നും പ്രതീക്ഷിക്കുന്നു. |
| ബി) | എങ്കിൽ അതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | ബി) | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ജോയിന്റ് ഡയറക്ടർ (നഴ്സിംഗ്), ഫിനാൻസ് ഓഫീസർ എന്നിവർ 09.11.2018 ന് മഞ്ചേരി മെഡിക്കൽ കോളേജ് സന്ദർശിച്ച് പരിശോധന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സ്ഥല-കെട്ടിട പരിമിതികൾ മൂലം മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ താൽകാലിക സൗകര്യങ്ങൾ ഒരുക്കുവാൻ നിർവ്വാഹമില്ല. കാമ്പസിനടുത്തായി താൽകാലിക മന്ദിരവും (കോളേജ് + ഹോസ്റ്റൽ), ഭൗതിക സൗകര്യങ്ങളും തയ്യാറാക്കുന്നതിലേയ്ക്കായി ഒരു കോടി രൂപയും ഒന്നാം വർഷം ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്ത് പഠിപ്പിക്കുവാൻ വേണ്ട അദ്ധ്യാപക അനദ്ധ്യാപക സ്റ്റാഫ് അംഗങ്ങളുടെ തസ്തിക സൃഷ്ടിക്കലും നടത്തുകയാണെങ്കിൽ 2019-20 അദ്ധ്യയന വർഷം കോളേജ് തുടങ്ങുവാൻ സാധിക്കുമെന്ന് പ്രസ്തുത ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിരുന്നു. കോളേജ് ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് KNMC, INC എന്നിവയുടെ അംഗീകാരവും KUHS ന്റെ അഫിലിയേഷനും നേടേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത കോളേജിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | പ്രസ്തുത കോളേജ് നിലവിൽ വരുന്നമുറയ്ക്ക് തുടക്കത്തിൽ ബി.എസ്.സി നേഴ്സിംഗ് (4 വർഷം) പ്രോഗ്രാം ആരംഭിക്കുവാൻ സാധിക്കും. |

Milan

സെക്ഷൻ ഓഫീസർ